(ബി) പ്രസ്തുത നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ മേഖലയിൽ പട്ടികജാതിക്കാർക്കുള്ള സംവരണത്തിൽ ഉണ്ടായിട്ടുള്ള കുറവ് നികത്തുവാനും എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ സംവരണം ഉറപ്പാക്കാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) സ്വകാര്യ മേഖലയിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കാൻ നടപടി വേണമെന്ന കമ്മീഷൻ നിർദ്ദേശത്തോടുള്ള സർക്കാർ നിലപാട് വ്യക്തമാക്കാമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ) :

(എ) ജനസംഖ്യാനുപാതത്തിൽ പട്ടികജാതി വിഭാഗത്തിന്റെ സംവരണതോത് 8 ശതമാനത്തിൽ നിന്നും 9% ആയി വർദ്ധിപ്പിക്കുക, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമനങ്ങളിൽ സംവരണം നടപ്പാക്കുക, സംവരണത്തെ സംബന്ധിച്ച് നയപരമായ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രൊമോഷനുകളിൽ സംവരണം നടപ്പിലാക്കുക, സ്വകാര്യമേഖലയിലും സംവരണം ഏർപ്പെടുത്തുക, സംസ്ഥാനത്ത് കുടിയേറി പാർക്കുന്ന പട്ടികജാതി വിഭാഗക്കാർക്ക് സാക്ഷ്യപത്രം നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക, പോസ്റ്റ് മെട്രിക്, പ്രീ മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക തുടങ്ങിയ ശിപാർശകളാണ് പൊതുവിൽ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി&സി) നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രായോഗിക വശങ്ങൾ പരിശോധിച്ചു വരുന്നു.

നഴ്സുമാരുടെ വേതനം

13 (*373) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെച്ചപ്പെട്ട വേതനം ആവശ്യപ്പെട്ടുള്ള സമരം നടത്തിയതിനെത്തുടർന്ന് പുരുഷ നഴ്സുമാർക്ക് നിയമനം നൽകാത്തതിനാലും വനിതാ നഴ്സുമാർക്ക് സ്വകാര്യ മേഖലയിൽ ന്യായമായ വേതനം ലഭിക്കാത്തതുകൊണ്ടും നേഴ്സിംഗ് പഠനത്തിന് വായ്പയെടുത്ത അരലക്ഷത്തിലധികം കുടുംബങ്ങൾ കടക്കെണിയിലായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബലരാമൻ കമ്മീഷൻ റിപ്പോർട്ടിനെ തുടർന്ന് സർക്കാർ നിയമിച്ച വ്യവസായ ബന്ധ സമിതി സ്വകാര്യ മേഖലയിൽ നഴ്സുമാരുടെ ശമ്പളം നിശ്ചയിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) സർക്കാർ നിശ്ചയിച്ച മിനിമം വേതനം എൺപതു ശതമാനം സ്വകാര്യ ആശുപത്രികളും നഴ്സുമാർക്ക് നൽകുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വ്യാപകമായ പരിശോധനയ്ക്ക് തൊഴിൽ വകുപ്പ് തയ്യാറാകുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്. നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പുവരുത്താൻ വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് വ്യവസായ ബന്ധസമിതി നിരന്തരം ചർച്ചകൾ നടത്തിയെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 135/13/തൊഴിൽ തീയതി 5-11-2013 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാരുടെയും ജില്ലാ ലേബർ ഓഫീസർമാരുടെയും നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്തി, നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. 2014 ജനുവരി മാസം മുതൽ ഇതുവരെ സംസ്ഥാന വ്യാപകമായി സ്വകാര്യ ആശുപത്രികളിൽ നടത്തിയ പരിശോധനകളെ തുടർന്ന് മിനിമം വേതനം നടപ്പിലാക്കാത്ത 29 സ്വകാര്യ ആശുപത്രികൾക്കെതിരെ മിനിമം വേജസ് ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രീമെട്രിക്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

14 (*374) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly